പതിമൂന്നാം കേരള നിയമസഭ

ഒമ്പതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 377 — 11.06.2013-ൽ മറുപടിയ്ക്ക്

## പവർകട്ടും ലോഡ് ഷെഡിംഗും പിൻവലിക്കാൻ നടപടി.

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കോടിയേരി ബാലകൃഷ്ണൻ : | | ശ്രീ. ആര്യാടൻ മുഹമ്മദ് (ഊർജ്ജവും ഗതാഗതവും വകുപ്പു മന്ത്രി) | |
| (എ) | സംസ്ഥാനത്ത് മുന്നറിയിപ്പില്ലാതെ മണിക്കൂറുകളോളം വൈദ്യുതി മുടങ്ങുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (എ) | എ) വൈദ്യുത പ്രസരണ വിതരണ ശൃംഖലയിലും അനുബന്ധ യന്ത്ര സാമഗ്രികളിലും അവിചാരിതമായി ഉണ്ടാകുന്ന സാങ്കേതിക തകരാറുകൾ മൂലം ഉണ്ടാകാവുന്ന വൈദ്യുതി തടസ്സം പൊതു ജനങ്ങളെ മുൻകൂട്ടി അറിയിക്കുവാൻ സാധിക്കാറില്ല. |
| (ബി) | നിലവിൽ സർക്കാർ നിർദ്ദേശത്തോടെ എത്ര മണിക്കൂറാണ് ലോഡ്ഷെഡിംഗും പവർകട്ടും നടപ്പിലാക്കുന്നതെന്ന് വിശദമാക്കാമോ ; | (ബി) | നിലവിൽ പകൽ സമയത്ത് (രാവിലെ 9 മണി മുതൽ വൈകുന്നേരം 5 മണി വരെയുള്ള സമയങ്ങളിൽ) ഒരു മണിക്കൂർ ദൈർഘ്യത്തിലും വൈകുന്നേരം 7 മണി മുതൽ 11 മണി വരെയുള്ള സമയത്ത് ½ മണിക്കൂർ ദൈർഘ്യത്തിലും cyclic load shedding ഏർപ്പെടുത്തിയിട്ടുണ്ട്. |
| (സി) | പവർക്കട്ടും ലോഡ് ഷെഡ്ഡിംഗും എന്ന് പൂർണ്ണമായും പിൻവലിക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ ; | (സി) | ജലസംഭരണികളിൽ മഴ മൂലമുള്ള ജല ലഭ്യത തൃപ്തികരമായ അളവിലെത്തുകയും വിപണിയിൽ നിന്നും ലഭ്യമാകുന്ന വൈദ്യുതിയുടെ അളവ് ഉറപ്പാക്കുകയും ചെയ്തതിനു ശേഷമോ ജൂൺ 15 വരെയോ ലോഡ്ഷെഡ്ഡിംഗ് തുടരുന്നതാണ്. |
| (ഡി) | ലോഡ് ഷെഡ്ഡിംഗും, പവർക്കട്ടും വഴി കെ. എസ്. ഇ. ബി യ്ക്ക് എത്ര യൂണിറ്റ് വൈദ്യുതി ലാഭിക്കാൻ കഴിഞ്ഞെന്ന് വിശദമാക്കാമോ ? | (ഡി) | ലോഡ് ഷെഡിംഗ് വഴി ശരാശരി 3.2 ദശലക്ഷം യൂണിറ്റ് വൈദ്യുതിയുടെ ഉപഭോഗം നിയന്ത്രിയ്ക്കാൻ കഴിയുന്നുണ്ടെന്നാണ് കണക്കാക്കുന്നത്. |

സെക്ഷൻ ഓഫീസർ.